"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 128/2010 നമ്പർ കേസ് - 09/11/2024-ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുകയിൽ ബാക്കി നൽകുവാനുള്ള തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.655/2025/LSGD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1410/2024/തസ്വഭവ തീയതി 14/10/2024.
2. തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റിയിൽ 09/11/2024-ൽ നടന്ന ലോക് അദാലത്തിലെ എൽ.എ.ആർ. 128/2010 നമ്പർ കേസിന്മേലുള്ള ഉത്തരവ്.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2024 -ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/02/2025തീയതിയിലെ DCTVM/374/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.128/10 നമ്പർ കേസ്, ആറുമാസത്തിനകം തുക കെട്ടി വച്ചാൽ ആറുമാസം വരെ പലിശയില്ലെന്ന വ്യവസ്ഥയിൽ, 48,57,440/- രൂപ (നല്പത്തിയെട്ട് ലക്ഷത്തി അമ്പത്തേഴായിരത്തി നാന്നൂറ്റി നാല്പത് രൂപ മാത്രം) - യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം ഒത്തുതീർപ്പാകുകയുണ്ടായി. മേൽ പരാമർശിച്ച എൽ.എ.ആർ.കേസിൽ പരാമർശം(1) പ്രകാരം 47,21,190/- രൂപ (നാല്പത്തിയേഴ് ലക്ഷത്തി ഇരുപത്തൊന്നായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) റിലീസ് ചെയ്ത് നൽകിയിട്ടുണ്ടെന്നും ആയതിനാൽ അദാലത്തിൽ ഒത്തുതീർപ്പായ തുകയുടെ ബാക്കി തുകയായ 1,36,250/- രൂപ (ഒരു ലക്ഷത്തി മുപ്പത്താറായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും യഥാക്രമം പരാമർശം(3), പരാമർശം(4) എന്നിവ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2197 (L.A.Re.Sy.No.2197/6)-ൽഉൾപ്പെട്ടതും ശ്രീ. വേലായുധൻപിള്ളയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.16 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.128/10 നമ്പർ കേസിൽ 09/11/2024-ൽ ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് നടന്ന അദാലത്തിൽ ഒത്തുതീർപ്പായ 48,57,440/- രൂപയിൽ പരാമർശം (1) പ്രകാരം അനുവദിച്ച 47,21,190/- രൂപ കിഴിച്ച് ബാക്കി തുകയായ 1,36,250/- രൂപ (ഒരു ലക്ഷത്തി മുപ്പത്താറായിരത്തി ഇരുന്നൂറ്റിഅമ്പത് രൂപ മാത്രം) 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. എൻ. വേലായുധൻപിള്ളയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി. തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. വേലായുധൻപിള്ള, റ്റി.സി.38/512, ചൂരക്കാട്ടുപാളയം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/367/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 10-03-2025 18:02:28
സെക്ഷൻ ഓഫീസർ